# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം **1200**-ലെ മണ്ഡലം - മകരവിളക്ക് മേടവിഷു എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് ശബരിമല ദേവസ്വത്തിലെ അന്നദാനം നടത്തിപ്പിന് ആവശ്യമായ പലചരക്ക്, പച്ചക്കറി എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ സംബന്ധിച്ച നിബന്ധനകൾ.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം **1200** -ലെ മണ്ഡലം - മകരവിളക്ക്, മേടവിഷു മാസപൂജ എന്നീ അടിയന്തിരങ്ങളോടനുബന്ധിച്ച് ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധ നകൾക്കും വിധേയമായി ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

**1.** ടെൻഡർ സംബന്ധിച്ച വിശദവിവരം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ www.travancoredevaswomboard.org എന്ന വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചശേഷം ടെന്ററിൽ പങ്കെടുക്കുന്നവർ https:/etenderes.kerala.gov.in എന്ന ടെന്റർ സൈറ്റ് മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഇ-ടോക്കൺ ഉപയോഗിച്ച് ഡിജിറ്റൽ സിഗ്നേച്ചർ നടത്തേണ്ടതുമാണ്. ഇ-ടോക്കണുകൾ SIFY/TCS/ncode തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടതാണ്. ടെന്ററുകൾ ശ്രദ്ധാപൂർവ്വം ക്വോട്ട് ചെയ്യേണ്ടതുക നിയമാനുസൃതം ക്വോട്ട് ചെയ്ത് ഓൺലൈനായി അയക്കേണ്ടതും, തുക രേഖപ്പെടുത്താത്ത സാഹചര്യം ഉണ്ടായാൽ ആയതിന് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ടെന്റർ സമർപ്പിക്കുന്നവരുടെ ഐഡി പ്രൂഫിന്റെ (ആധാർ, സ്കാൻഡ് കോപ്പി മൊബൈൽ നമ്പർ ഉൾപ്പെടെ ചേർത്തിരിക്കണം) സാധനങ്ങൾ സപ്ളെ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടെന്ററിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ/ വ്യക്തികൾ എന്നിവർക്ക് fssai ലൈസൻസ്, ജി.എസ്.ററി രജിസ്ട്രേഷൻ, ഇൻകം ടാക്സ് റിട്ടേൺസ്(2023-24 **AY**) എന്നിവ നിർബന്ധമായും ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

2. ശബരിമല ദേവസ്വത്തിലെ അന്നദാനം നടത്തിപ്പിന് ആവശ്യമായ **പലചരക്ക്, പച്ചക്കറി** ഇനങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ചേർത്തിട്ടുണ്ട്. ടി ഇനങ്ങൾക്ക് കിലോഗ്രാം ഒന്നിന് എന്ന ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.

3. ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റും അവയുടെ അളവ്/തൂക്കം/ എണ്ണം എന്നിവ പ്രത്യേകം ലിസ്റ്റായി ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ചെയ്യാതിരിക്കാനോ അളവ്/എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യു ന്നതിനോ നിർദ്ദേശിക്കുന്നതിന് ദേവസ്വം ബോർഡിന് അവകാശം ഉണ്ടായിരിക്കുന്നതും അതനുസരിക്കുന്നതിന് കോൺട്രാക്ടർ/ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാംതരത്തിലുള്ളവ തന്നെ ആയിരിക്കണം. ഒന്നാം തരത്തിലുള്ള തല്ലാത്ത സാധനങ്ങൾ കോൺട്രാക്ടർ/ടെൻഡറുകാരൻ ഹാജരാക്കിയാൽ ആയത് തിരസ്കരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതും ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ കരാറുക്കാരൻ ഹാജരാക്കുകയും ആയത് ഒഴിച്ചു കൂടാൻ പറ്റാത്ത സാഹചര്യത്തിൽ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും ആയതിന്മേൽ കാരറുക്കാരന് പരാതിപ്പെടാൻ അർഹതയില്ലാത്തതുമാണ്. അന്നദാനം നടത്തിപ്പിനാവശ്യമായ ആവശ്യസാധനങ്ങൾ ഇന്റഡന്റ് പ്രകാരം സപ്ലൈ ചെയ്യേണ്ടതും സപ്ലൈയിൽ മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൻ പ്രകാരം ദേവസ്വം ബോർഡിനുണ്ടാകുന്ന കഷ്ടനഷ്ടം എത്രയെന്ന് കണക്കാക്കി ടി തുകയുടെ ഇരട്ടി തുക കുത്തക/ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും മുടക്കം വരുത്തുന്ന ടെൻഡറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

4. ഇ-ടെൻഡറുകൾ **11-11-2024** രാവിലെ **11.00** മണിയ്ക്ക് മുമ്പായി etenders.kerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. ടെൻഡറിനൊപ്പം നിരതദ്രവ്യമായി **2,00,000/-** രൂപ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

6. ടെൻഡർ **12-11-2024-**ാം തീയതി രാവിലെ **11.00** മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതാണ്.

7. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

8. ടെൻഡറിൽ രേഖപ്പെടുത്തുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കണം.

9. ടെൻഡർ നിരക്കുകൾ കൊല്ലവർഷം **1200**-ലെ ഉത്സവങ്ങളുടെ കാലയളവ് (കൊല്ലവർഷം **1200 വൃശ്ചികം മുതൽ 1201 തുലാം 30** വരെ) മുഴുവൻ ബാധകമായിരിക്കുന്നതാണ്.

10. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.

11. ടെൻഡർ അംഗീകരിച്ചത് സംബന്ധിച്ചുള്ള അറിയിപ്പ് ലഭിക്കുന്നമുറയ്ക്ക് ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി മുറപ്രകാരം ഉടമ്പടി വച്ച് അതാത് ദേവസ്വം സ്റ്റോറിൽ ആവശ്യാനുസരണം ഇനങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് തരത്തിൽ സപ്ലൈ ഏർപ്പാട് ചെയ്യുന്നതിന് ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ മാത്രം പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.

12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.

13. ടെൻഡർ സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

**14.**കുത്തകക്കാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

**15.**കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ പത്തനംതിട്ട കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

**16.**കുത്തകക്കാരന് അനുവദിച്ച് നൽകുന്ന സ്റ്റോറിൽ 10 ദിവസത്തേക്ക് ആവശ്യമായ പലചരക്കിന്റെയും, മൂന്ന് ദിവസത്തേക്ക് ആവശ്യമായ പച്ചക്കറിയുടേയും സ്റ്റോക്ക് ഏറ്റവും കുറഞ്ഞത് നിലനിർത്തേണ്ടതും ആവശ്യമായ സാധനങ്ങൾ ബന്ധപ്പെട്ട ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതുമാണ്.

**17.**പലചരക്ക് സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്ന പക്ഷം പമ്പയിൽ പ്രവർത്തിക്കുന്ന ഫുഡ് സേഫ്റ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

**18.**ടെൻഡർ ലഭിക്കുന്ന വ്യക്തി കുത്തക അവകാശം സംബന്ധിച്ച് എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടുമ്പോൾ സ്വന്തം പേരിലുള്ള വസ്തുവിന്റെ തൻആണ്ട് കരം തീർത്ത രസീതും, കൈവശാവകാശ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുമാണ്.

**19.**ശബരിമല അന്നദാനം നടത്തുന്നതിന് സ്പോൺസർമാരെ ഡിപ്പാർട്ട്മെന്റ് കണ്ടെത്തുന്ന പക്ഷം **3** ദിവസ്സത്തെ മുൻകൂർ നോട്ടിസിന്റെ അടിസ്ഥാനത്തിൽ പച്ചക്കറി, പലചരക്ക് എന്നിവയുടെ സപ്ലൈ താങ്കൾ നിർത്തേണ്ടതാണ്. ഇപ്രകാരം നോട്ടിസ് ലഭിച്ച ശേഷവും സാധങ്ങൾ സപ്ലൈ ചെയ്യുന്ന പക്ഷം ആയിത് ഡിപ്പാർട്ട്മെന്റ് യാതൊരു തരത്തിലും ഉത്തരവാദിത്യം വഹിക്കുന്നതല്ല.

**20.** ബന്ധപ്പെട്ട ആഫിസിൽ നിന്നും ലഭിക്കുന്ന ഇൻഡന്റിന്റെ അടിസ്ഥാനത്തിലും ആയതിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിലും മാത്രമേ സാധനങ്ങൾ സപ്ലൈ ചെയ്യുവാൻ പാടുള്ളു. അളവിൽ കൂടുതൽ സാധനങ്ങൾ സപ്ലൈ ചെയ്യുകയും ആയത് ഉപയോഗയോഗ്യമല്ലാതെ ആകുകയും ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്യം കുത്തകക്കാരനിൽ നിക്ഷിപ്തമായിരിക്കും

**21.** അന്നദാനത്തിലേക്ക് ആവശ്യമായ സാധനങ്ങളിൽ അരിക്ക് മാത്രം (പൊന്നി അരി, കുത്തരി) ടെൻഡർ നിരക്കിൽ തുക ചിലവെഴുതി നൽകുന്നതും, അരി ഒഴികെ ബാക്കി പലവ്യഞ്ജനം, പച്ചക്കറി എന്നിവയ്ക്ക് ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ വിവരിക്കും പ്രകാരം കോപ്പ് വില മാത്രമേ ചിലവെഴുതി നൽകുകയുള്ളു. ടെൻഡറിൽ സാധനങ്ങൾക്ക് ക്വോട്ട് ചെയ്യുന്ന നിരക്കിൽ തുക ചിലവെഴുതി നൽകണമെന്ന് അവകാശപ്പെടാൻ കുത്തക്കാരന് അധികാരഅവകാശം ഉണ്ടായിരിക്കുന്നതല്ല.

| **ശബരിമല** | | | |
|---|---|---|---|
| ക്രമ നമ്പർ | ഭക്ഷണ വിവരം | തുക (കോപ്പുവില) | റിമാർക്സ് |
| 1 | പ്രഭാത ഭക്ഷണം | **20.50/-** | ആളൊന്നിന് |
| 2 | ഉച്ച ഭക്ഷണം | **397.70/-** | പത്ത് കിലോഗ്രാം അരിയ്ക്ക് |
| 3 | അത്താഴഭക്ഷണം | **364/-** | പത്ത് കിലോഗ്രാം അരിയ്ക്ക് |

**ROC 61/23/Sab**
Dated 06-11-2024

**ദേവസ്വം കമ്മീഷണർ**
തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി